"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല - നാവായിക്കുളം ഗ്രാമപഞ്ചായത്ത് - 1996-97 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 47 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2214/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 02/09/2013

പരാമർശം:- 1) 27/04/2013-ലെ നാവായിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 1651/13-ാം നമ്പർ കത്ത്.

2) 29/07/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-9298/P.T1/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 1996-97 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47-ൽ , 26/05/1995 മുതൽ 25/09/1995 വരെയുള്ള 4 മാസത്തേക്ക് ടെലഫോൺ ചാർജ്ജിനത്തിൽ ഒടുക്കു വരുത്തിയ 31,051/- രൂപ ഭീമമായ തുകയായതിനാൽ തടസ്സപ്പെടുത്തിയിരുന്നു.

ഡിസ്കണക്ഷൻ ഒഴിവാക്കുന്നതിലേക്ക് വേണ്ടിയും പഞ്ചായത്തിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനും വേണ്ടി തുക ഒടുക്കിയതെന്നും നീണ്ട 16 വർഷങ്ങൾ കടന്നു പോയതിനാലും പ്രസ്തുത ആഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന് പഞ്ചായത്തിന്റെ 9.4.13-ലെ V. 23-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് പ്രസിഡണ്ട് സൂചന ഒന്ന് പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 25/02/2013-ൽ ചേർന്ന ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി യോഗം ടി വിഷയം സംബന്ധിച്ച് സാധൂകരണത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂചന രണ്ടിലെ റിപ്പോർട്ടിൽ 1995-96 കാലയളവിൽ തന്നെ മേൽ വിഷയത്തിൽ പഞ്ചായത്ത് നടപടിയെടുത്തിരുന്നതിനാലും

കാലപ്പഴക്കം പരിഗണിച്ചും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ ശുപാർശ പരിഗണിച്ചും സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 1996-97 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 47-ൽ തടസ്സപ്പെടുത്തിയ ടെലഫോൺ ചാർജ്ജിനത്തിൽ ഒടുക്കു വരുത്തിയ 31,051/- (മുപ്പത്തിയൊന്നായിരത്തി അമ്പത്തിയൊന്ന് രൂപ മാത്രം) രൂപയുടെ ചെലവിന് ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,<br>
എ. ജവഹറാബീവി,<br>
ഡെപ്യൂട്ടി സെക്രട്ടറി.

പ്രസിഡണ്ട്, നാവായിക്കുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം- 695 603<br>
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം<br>
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം<br>
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ